# വെള്ളാനിക്കരയിൽ പുസ്തക വസന്തം

മണ്ണുത്തി ● വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറന്നു കാർഷിക സർവകലാശാലയുടെ ദേശീയ പുസ്തകോൽസവം ശ്രദ്ധേയമാകുന്നു. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിൽ നടക്കുന്ന പുസ്തകോത്സവം സാഹിത്യകാരൻ അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. ദേശീയ-രാജ്യാന്തര പ്രസാധകരുടെയും സ്ഥാപനങ്ങളുടെയും ഒട്ടേറെ പുസ്തകങ്ങളാണ് മേളയിലുള്ളത്. മുപ്പതിനായിരം പുസ്തകങ്ങൾ വരെ ശേഖരിച്ച് വായിക്കാവുന്ന ഈ ബുക്ക് റീഡറുകളാണ് മേളയിലെ ആകർഷണങ്ങളിലൊന്ന്. സച്ചിൻ ടെൻഡുൽക്കറുടെ പ്ലേയിങ് ഇറ്റ് മൈവേ, ചേതൻ ഭഗതിന്റെ ഹാൾഫ് ഗേൾ ഫ്രണ്ട്, കെ.ആർ. മീരയുടെ ആരാച്ചാർ എന്നിവയ്ക്കാണ് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളതെന്നു ലൈബ്രറി വിഭാഗം മേധാവി ഡോ. എ.ടി. ഫ്രാൻസിസ് പറഞ്ഞു. വിദ്യാർഥികൾ, അധ്യാപകർ, കർഷകർ, സ്കൂളുകൾ, കോളജുകൾ, ലൈബ്രറികൾ, പൊതുജനങ്ങൾ എന്നിവർക്ക് 35 ശതമാനം വരെ വിലക്കിഴിവിൽ പുസ്തകങ്ങളും ഈ ബുക്ക് റീഡറുകളും വാങ്ങാവുന്നതാണ്. കൃഷി, ബാങ്കിങ്, മാനേജ്മെന്റ്, മത്സര പരീക്ഷകൾ, സാഹിത്യം, മനശാസ്ത്രം, ജീവിത വിജയം തുടങ്ങി വിവിധ വിഷയങ്ങളിലുള്ള ആയിരക്കണക്കിനു പുസ്തകങ്ങളുടെ വൻശേഖരമാണ് പുസ്തകോത്സവത്തിലുള്ളത്. പുസ്തകോത്സവം ഇന്നു സമാപിക്കും.



വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിൽ നടക്കുന്ന പുസ്തകോത്സവത്തിൽ നിന്ന്.